/117575/2023

150 YEARS OF CELEBRATING THE MAHATMA

Break the chain

**സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ നടപടി ക്രമങ്ങൾ**
**(ഹാജർ: ശ്രീ.ചേതൻ കുമാർ മീണ IAS )**

ഉത്തരവ് നം. SJD/3636/2023-E2 — തിരുവനന്തപുരം, തീയതി. 26-09-2023

---

വിഷയം: സാമൂഹ്യനീതി വകുപ്പ് - ജീവനക്കാര്യം - ജീവനക്കാരെ ജോലിക്രമീകരണ വ്യവസ്ഥയിൽ വിവിധ കാര്യാലയങ്ങളിൽ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

സാമൂഹ്യനീതി നീതി വകുപ്പിലെ കീഴ്കാര്യാലയങ്ങളിൽ ജീവനക്കാരുടെ അപര്യാപ്ത നിലനിൽക്കുന്നത് മൂലം പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനു വലിയ ബുദ്ധിമുട്ട് നേരിടേണ്ടിവരുന്നു. കീഴ്കാര്യാലയങ്ങളിൽ തസ്തിക അനുവദിക്കുന്നത് സംബന്ധിച്ച ശുപാർശ സർക്കാരിന്റെ പരിഗണനയിൽ ഇരിക്കുന്നതിനാൽ ആയതു സംബന്ധിച്ച തീരുമാനം ഉണ്ടാകുന്നതു വരെ ജീവനക്കാരുടെ അഭാവം മൂലം വലിയ പ്രയാസം അനുഭവിക്കുന്ന കാര്യാലയങ്ങളിലേക്ക് വകുപ്പിൻറെ ആസ്ഥാന കാര്യാലയത്തിൽ സീനിയർ ക്ലാർക്ക്, ക്ലറിക്കൽ അറ്റൻഡർ തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാരെ ചുവടെ രേഖപ്പെടുത്തിയിരിക്കും പ്രകാരം ജോലി ക്രമീകരണ വ്യവസ്ഥയിൽ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നമ്പർ | ജീവനക്കാരന്റെ പേര്, തസ്തിക | ജോലിക്രമീകരണ വ്യവസ്ഥയിൽ നിയമിക്കുന്ന കാര്യാലയം |
|---|---|---|
| 1 | ശ്രീ.ഷിബു.റ്റി.എം , സീനിയർ ക്ലാർക്ക് | ജില്ലാ സാമൂഹ്യനീതി ഓഫീസ്, തിരുവനന്തപുരം |
| 2 | ശ്രീ.ആന്റണി.കെ.വി, സീനിയർ ക്ലാർക്ക് | ജില്ലാ സാമൂഹ്യനീതി ഓഫീസ്,എറണാകുളം |
| 3 | ശ്രീ.അബ്ബാസ്.പി , സീനിയർ ക്ലാർക്ക് | ജില്ലാ സാമൂഹ്യനീതി ഓഫീസ് കോഴിക്കോട് |
| 4 | ശ്രീ.പ്രതീഷ് നൂർജറ്റ് , സീനിയർ ക്ലാർക്ക് | ട്രാൻസിറ്റ് ഹോം ,കൊട്ടിയം |
| 5 | ശ്രീ.നവീൻ ഇസ്ഹാക്ക്, ക്ലറിക്കൽ അറ്റൻഡർ | ഗവ:കെയർ ഹോം, പുലയനാർകോട്ട തിരുവനന്തപുരം |
| 6 | ശ്രീ.അജി.റ്റി, ക്ലറിക്കൽ അറ്റൻഡർ | ജില്ലാ സാമൂഹ്യനീതി ഓഫീസ് തിരുവനന്തപുരം |
| 7 | ശ്രീ.സജുകുമാർ.എസ്, ഓഫീസ് അറ്റൻഡന്റ് | ഗവ.ആശാഭവൻ (മെൻ) തിരുവനന്തപുരം |

സീനിയർ ക്ലാർക്ക് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാരെ ജോലി ക്രമീകരണ വ്യവസ്ഥയിൽ നിയമിക്കുന്ന സാഹചര്യത്തിൽ ഈ കാര്യാലയത്തിൽ ടൈപ്പിസ്റ്റ് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ചുവടെ ചേർക്കുന്ന ജീവനക്കാരെ വിവിധ സെക്ഷനുകളിൽ താൽക്കാലികമായി ക്ലാർക്ക് ജോലികളിൽ നിയോഗിക്കുന്നു.

1.ശ്രീ.ഫ്രെഡി ജേക്കബ് (എൽ.ഡി ടൈപ്പിസ്റ്റ്),

2.ശ്രീമതി.വിചിത്ര.വി.എസ് (എൽ.ഡി ടൈപ്പിസ്റ്റ്),

3.ശ്രീമതി.അമ്പിളി.സി.പി.(സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ് ),

4.ശ്രീമതി.ദിവ്യ.എൽ (സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ് )
5.ശ്രീ.വിശാഖൻ.വി.ജി (സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ് )

ഓഫീസ് അറ്റൻഡർ തസ്തികയിലെ ജീവനക്കാരെ ഈ കാര്യാലയത്തിലെ വിവിധ സെക്ഷനുകളിൽ ചുവടെ ചേർക്കും വിധം പുനഃക്രമീകരിച്ചു നിയമിക്കുന്നു.

| ക്രമ നമ്പർ | ജീവനക്കാരന്റെ പേര് | നിയമിക്കുന്ന സെക്ഷൻ |
|---|---|---|
| 1 | ശ്രീമതി.നീതു.ആർ.എൻ | ഫെയർ കോപ്പി |
| 2 | ശ്രീമതി.ശുഭ.എസ് | ഫെയർ കോപ്പി |
| 3 | ശ്രീ.അമൽ രാജ് .എ.എൽ | ഫെയർ കോപ്പി (മെസഞ്ചർ) |
| 4 | ശ്രീ.വിദ്യാസാജൻ.എസ് | ഡയറക്ടറുടെ ഒ.എ |
| 5 | ശ്രീ.ഗിരീഷ്.ജി | റിസപ്ഷൻ |
| 6 | ശ്രീ.ബിനു.ബി | സി & ഡി |
| 7 | ശ്രീ.ദീപുരാജ്.എം | എഫ് & ജി |
| 8 | ശ്രീ.സിബിൻ സാം.എസ് | എസ്ടാബ്ലിഷ്മെന്റ്, പി.സി, ഓഡിറ്റ് & അക്കൌണ്ട്സ് |
| 9 | ശ്രീ.ടിബിൻ.ആർ.എം | ബിൽ |

ജോലി ക്രമീകരണ വ്യവസ്ഥയിൽ നിയമിച്ച ജീവനക്കാരെ ഉത്തരവ് തീയതി പ്രാബല്യത്തിൽ ഈ കാര്യാലയത്തിലെ ചുമതലകളിൽ നിന്നും വിടുതൽ ചെയ്യുന്നു. ജീവനക്കാർക്ക് യഥാർത്ഥ യാത്രസമയത്തിന് അർഹതയുണ്ടായിരിക്കും. ടി ജീവനക്കാർ ജോലിയിൽ പ്രവേശിച്ച വിവരം കാര്യാലയ മേധാവികൾ രേഖാമൂലം ഈ കാര്യാലയത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്. ട്രാൻസിറ്റ് ഹോമിൽ നിലവിൽ ജോലി ക്രമീകരണ വ്യവസ്ഥയിൽ സേവനമനുഷ്ഠിച്ച് വരുന്ന ജീവനക്കാരനെ ഹോം മാനേജർ ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വിടുതൽ ചെയ്യേണ്ടതാണ്. ജോലി ക്രമീകരണ വ്യവസ്ഥയിൽ കീഴ് കാര്യാലയങ്ങളിൽ നിയമിക്കപ്പെടുന്ന ജീവനക്കാരുടെ ഹാജർ വിവരം എല്ലാ മാസവും 25-നകം കാര്യാലയ മേധാവി രേഖാമൂലം ഈ കാര്യാലയത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

**ശ്രീ.ചേതൻ കുമാർ മീണ IAS**
**സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ**

പകർപ്പ് :

1. ജില്ലാ സാമൂഹ്യനീതി ഓഫീസർ തിരുവനന്തപുരം/കൊല്ലം/എറണാകുളം/കോഴിക്കോട്
2. ഹോം മാനേജർ,ട്രാൻസിറ്റ് ഹോം കൊട്ടിയം
3. എല്ലാ യൂണിറ്റ് മേധാവികൾക്കും
4. എല്ലാ സെക്ഷൻ സൂപ്രണ്ടുമാർക്കും
5. സ്റ്റോക്ക് ഫയൽ/സ്പെയർ

ഉത്തരവിൻ പ്രകാരം

Signed by Rajesh DI
Date: 26-09-2023 14:22:10
Reason: Approved
സൂപ്രണ്ട്